വളരുന്ന സാഹിത്യം

പാമ്പും മനുഷ്യനും

കേരളത്തിലെ വിഷപ്പാമ്പുകൾ— കെ. ജി. അടിയോടി—മാതൃഭൂമി, കോഴിക്കോട്—6.00.

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പാമ്പിനെപ്പോലെ മനുഷ്യന്റെ ഭാവനയെ ഇത്രയേറെ ആകർ[illegible]ച്ചിട്ടുള്ള മററു ജീവികൾ ഇല്ല. [illegible]വാറും എല്ലാ പ്രാചീനജനവി[illegible]ങ്ങൾക്കും ഈ ഇഴജീവിയെക്കുറി[illegible] അവരവരുടെതായ വിശ്വാസങ്ങ[illegible]. നന്മയോ തിന്മയോ പ്രകൃത്യ[illegible]തശക്തിയോ അവയിൽ ആരോ[illegible]ച്ചാണ് ഈ വിശ്വാസങ്ങൾ രൂ[illegible] കൊണ്ടിട്ടുള്ളത്. മനുഷ്യനുള്ള മനോഭാവങ്ങൾ നാഗങ്ങളിൽ ആരോപിച്ച് അവയെ മനുഷ്യനേക്കാൾ ശേഷിയുള്ള ജീവികളായി കാണാനാണ് പൊതുവെയുള്ള പ്രവണത. ഈജിപ്ത്കാരും, ഗ്രീക്കുകാരും, ഭാരതീയരും എല്ലാം സർപ്പത്തിന് പ്രകൃത്യതീതശക്തിയുണ്ടെന്ന് സങ്കല്പിച്ചു, അതിനെ കേന്ദ്രമാക്കി പല തരത്തിലുള്ള കഥകൾ ചമച്ചിട്ടുള്ളവർ തന്നെ. ആദിപിതാവായ ആദാമിനെ വഴിപിഴപ്പിച്ചത് നാഗരൂപം പൂണ്ട സാത്താനാണെന്നാണ് ക്രിസ്ത്യാനികളുടെ സങ്കല്പം. പാപത്തിന്റെ പാത കാട്ടിക്കൊടുക്കാതെ സൽവൃത്തിയുടെ രാജവീഥിയിലേയ്ക്ക് മനുഷ്യനെ ക്ഷണിയ്ക്കുന്ന സംഭവങ്ങളും നാഗങ്ങളുടേതായി കണ്ടിട്ടുണ്ട് മററ് ആളുകൾ. സർപ്പത്തിന് മനുഷ്യസ്ത്രീകളുമായി ലൈംഗികബന്ധത്തിനു സാധിയ്ക്കുമെന്ന വിശ്വാസവും പലയിടത്തും കാണാം. ലോകജേതാവെന്ന് സ്വയം അഭിമാനിച്ചിരുന്ന അലക്സാണ്ടർ ചക്രവർത്തി, സ്വന്തം ജനനത്തിനു കാരണം ഒരു സർപ്പമാണെന്ന് രഹസ്യമായിട്ടല്ല, പരസ്യമായിത്തന്നെ പറയാറുണ്ടായിരുന്നത്രെ! ഹിന്ദുക്കളുടെ ഇതിഹാസകഥകളിലും പല വിധത്തിലുള്ള സർപ്പചരിത്രങ്ങൾ സ്ഥാനം പിടിച്ചിരിയ്ക്കുന്നു. വിനോദത്തിനു വേണ്ടി ഉഗ്രസർപ്പങ്ങളെ വളർത്തുന്നതിന് കൗതുകം കാണിച്ചിരുന്നവരും കുറവല്ല. സൗന്ദര്യറാണിയായിരുന്ന ക്ലിയോപ്പാട്രയുടെ കഥകൾ സ്മരണീയങ്ങളത്രെ.

ഇന്ന് പാമ്പുകളെപ്പററി ശാസ്ത്രീയമായി പഠിയ്ക്കുന്നവർക്ക് പഴയ വിശ്വാസങ്ങളുടെയും കഥകളുടെയും ഭാരം തലയിൽ നിന്ന് താഴെയിറക്കേണ്ടതായിട്ടുണ്ട്. ഇതു പലപ്പോഴും സാധിച്ചെന്നു വരുന്നതുമല്ല. കേരളത്തിലെ കാര്യം കുറേക്കൂടി വിഷമമുള്ളതാണ്. തറവാട്ടുമഹിമയുടെ ഒരു ചിഹ്നമായിരുന്നു ഇവിടത്തെ സർപ്പക്കാവുകൾ. നാഗത്താന്മാരെ കുടിയിരുത്തി കുലശ്രേയസ്സിനു പൂജിച്ചിരുന്നവരാണ് കേരളീയർ. വസ്തുനിഷ്ഠമായ പഠനങ്ങളിൽ നിന്നുണ്ടാകുന്ന അറിവു വേരു പിടിയ്ക്കുവാൻ; പാരമ്പര്യവിശ്വാസപ്രമാണങ്ങളാകുന്ന അശാസ്ത്രീയവിവരങ്ങളുടെ കളകൾ നീക്കം ചെയ്യണം. പാമ്പിനെക്കുറിച്ച് വലിയ താല്പര്യം ഉണ്ടായിരുന്നെങ്കിലും ഗണനാർഹങ്ങളായ ശാസ്ത്രീയഗ്രന്ഥങ്ങൾ ഇവിടെ രചിയ്ക്കപ്പെടുവാൻ തടസ്സമായി നിന്നിരുന്നത് ഈ അന്തരീക്ഷമാണ്. കാടും പടലും വെട്ടി നീക്കി കുളമൊരുക്കുകയാണ് ഇന്നത്തെ അടിയന്തരാവശ്യം. മന്ത്രതന്ത്രങ്ങളിലുള്ള അഭിനിവേശം വളർത്തുന്നതു കൊണ്ട് അത് സാധിയ്ക്കുകയില്ല. ഭയവും പലപ്പോഴും സ്വാഗതാർഹമല്ലാത്ത സമീപനരീതിയും മാററി, പാമ്പുകളെക്കുറിച്ച് ശാസ്ത്രീയമായ പഠനത്തിന് നാം ഒരുങ്ങേണ്ടതായിട്ടാണിരിയ്ക്കുന്നത്. ഇതിന് സഹായിയ്ക്കുന്ന ഒരു പുസ്തകമാണ് ശ്രീ അടിയോടിയുടെ "കേരളത്തിലെ വിഷപ്പാമ്പുകൾ."

മീസോസോയിക്ക് യുഗത്തിൽ ഏററവും അധികം അഭിവൃദ്ധി നേടിയ ഒരു ജീവിവംശമായിരുന്നു സരീസൃപ (ഇഴജന്തു)ങ്ങളുടേത്. ഈ യുഗത്തിന്റെ ആരംഭം ഇരുനൂററിയെഴുപതു ദശലക്ഷം സംവത്സരങ്ങൾക്ക് മുമ്പത്രേ. അറുപതു ദശലക്ഷം വർഷം മുമ്പു വരെ അതു നീണ്ടു നില്ക്കുകയും ചെയ്തു. ഇന്നത്തെ പാമ്പുകളുടെ പൂർവ്വികന്മാർ ഈ യുഗത്തിലാണ് പ്രത്യക്ഷപ്പെട്ടത്. സരീസൃപവംശത്തിലെ പല ശാഖക്കാരും അന്യം നിന്നു പോയെങ്കിലും കുറെ ഇപ്പോഴും അവശേഷിച്ചിട്ടുണ്ട്. അതിലൊന്നിലാണ് പാമ്പുകൾ പെടുന്നത്. മനുഷ്യൻ ഭൂതലത്തിൽ ആവിർഭവിയ്ക്കുന്നതിന് ഇരുനൂറിൽ കൂടുതൽ ദശലക്ഷം സംവത്സരങ്ങൾക്കു മുമ്പ്, അരങ്ങത്തു വന്ന ഈ വേഷക്കാർ ഇന്നും ആട്ടം അവസാനിപ്പിച്ചിട്ടില്ല. വംശപ്രായം താരതമ്യപ്പെടുത്തിയാൽ പാമ്പിന്റെ മുമ്പിൽ മനുഷ്യൻ കേവലം ഒരു ശിശുവാണ്. പരിസരവിവരങ്ങൾ ധരിയ്ക്കുവാൻ ശേഷി സമാർജ്ജിച്ചനാൾ തൊട്ട്, പന്നഗങ്ങളെ അവൻ കണ്ടറിഞ്ഞു തുടങ്ങി. പ്രായത്തിനൊത്ത ഭാവനകൾ കൊണ്ട് പല കഥകളും മനുഷ്യൻ കെട്ടിച്ചമച്ചു. ശാസ്ത്രീയനിരീക്ഷണങ്ങൾക്കുള്ള കഴിവു കൈവന്ന ഇക്കാലത്തും പാരമ്പര്യത്തിന്റെ വിഴുപ്പുകെട്ട് തലയിൽ നിന്നിറക്കുവാൻ അവൻ പാടു പെടുകയാണ്.

പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്ന് മനുഷ്യൻ വിശ്വസിച്ചിരുന്ന കാലം കഴിഞ്ഞിട്ട് അധികനാളായിട്ടില്ല. ഇന്ന് ആ വിശ്വാസവും വച്ചു പുലർത്തുന്നവരുണ്ടെങ്കിൽ അനുകമ്പയേ അവർ അർഹിയ്ക്കുന്നുള്ളു. ഭൂമി പ്രപഞ്ചകേന്ദ്രമല്ലെന്നും അതിന് പ്രപഞ്ചസംവിധാനത്തിൽ പ്രധാനപ്പെട്ട നിലയില്ലെന്നും ധരിച്ചിട്ടുണ്ടെങ്കിലും, ജീവപ്രപഞ്ചത്തിൽ മനുഷ്യന്റെ രാജസ്ഥാനം നിഷേധിയ്ക്കുവാൻ പലർക്കും സാധിയ്ക്കുന്നില്ല. ഇവിടെയുള്ളതു സകലതും അവന്റെ സൗഖ്യത്തിനു വേണ്ടിയാണ് സ്ഥിതി ചെയ്യുന്നതെന്ന മനോഭാവം ഇതു മൂലം കൈവന്നതാണ്. പ്രകൃതിയിൽ മനുഷ്യൻ എത്രയോ നിസ്സാരനായ ജീവിയാണ്. ഭൂമിയുടെ ചരിത്രത്തിൽ തൊണ്ണൂററിയൊമ്പതു ശതമാനവും മനുഷ്യനെന്ന ജീവിയില്ലാതിരുന്ന കാലമായിരുന്നു. ജീവൻ നിലനിർത്താനുള്ള പരിശ്രമത്തിൽ, സഹജമായ ജീവിതരീതി കൊണ്ട് പല ജീവികൾക്കും പരസ്പരാശ്രിതത്വവും ശത്രുതയും വേണ്ടി വരും. പ്രത്യേകവൈരാഗ്യമോ സ്നേഹമോ മനഃപൂർവ്വം വച്ചു പുലർത്തുന്ന ജീവി മനുഷ്യനല്ലാതെ മററൊന്നില്ല.

പാമ്പുകൾക്കു മനുഷ്യനോടു പ്രത്യേകം പകയുണ്ടെന്നു കരുതുന്നത് യുക്തിയ്ക്കു ചേർന്നതല്ല. മനുഷ്യദ്രോഹം അതിന്റെ ജീവിതലക്ഷ്യവുമല്ല. വിഷം ഊറുന്ന ഗ്രന്ഥികൾ പാമ്പുകൾക്കു സിദ്ധിച്ചിരിയ്ക്കുന്നത് സ്വരക്ഷയ്ക്കു വേണ്ടിയത്രേ. ആഹാരസമ്പാദനപ്രവർത്തനങ്ങൾക്കും ഉപകരിയ്ക്കും. ഗത്യന്തരമില്ലാതാകുമ്പോൾ മാത്രമാണ് പാമ്പ് വിഷം പ്രയോഗിയ്ക്കുക. പൂർവ്വജന്മവൈരാഗ്യം തീർക്കുവാൻ പാമ്പുകൾ ചിലരെ തിരക്കി നടക്കുമെന്ന് കരുതുക വിഷമമാണ്.

ഭൂമിയിൽ ഏതാണ്ട് 2500–ഓളം പാമ്പുജാതികളുണ്ടെന്നു കണക്കാക്കപ്പെട്ടിരിയ്ക്കുന്നു. (രണ്ടായിരത്തോളമേ ഉള്ളുവെന്ന് ഈ പുസ്തകത്തിൽ പറയുന്നത് ശരിയാണോ?) പാമ്പുകളെ പതിമൂന്നു വംശങ്ങളായി വിഭജിച്ചിരിയ്ക്കുന്നു. ഇവയിൽ ഭൂരിപക്ഷത്തിനും വിഷമില്ല. മദ്ധ്യരേഖപ്രദേശങ്ങളിലും സമീപസ്ഥലങ്ങളിലുമാണ് ഭൂരിഭാഗവും പാമ്പുകൾ ജീവിയ്ക്കുന്നത്. കരയിലാണ് കൂടുതൽ; വെള്ളത്തിലും ഇല്ലായ്കയില്ല. മിക്കവാറും എല്ലാ വിഭാഗക്കാരെയും ഭാരതത്തിൽ കാണാം. കേരളം അവയ്ക്കു പററിയ ആവാസഭൂമി തന്നെ. സർപ്പപഠനത്തിനുതകുന്ന സങ്കേതമാണ് ഭാരതം, പ്രത്യേകിച്ച് കേരളം. കർഷകവൃത്തി ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരുടെ മിത്രങ്ങളാണ് മിക്ക ഇഴജീവികളും. പ്രകൃതിയിലെ മററു ജീവികളെയെന്ന പോലെ പാമ്പുകളെയും സ്നേഹിയ്ക്കുവാൻ തുടങ്ങിയാൽ ശാസ്ത്രീയപഠനത്തിനുള്ള ആദ്യത്തെ പടി തയ്യാറാകും. ഇതിനു പ്രയോജനപ്പെടുന്ന ഒട്ടു വളരെ വിവരങ്ങൾ ഈ പുസ്തകത്തിലുണ്ട്.

പാമ്പുകളെപ്പററി നമ്മുടെയിടയിലുള്ള അന്ധവിശ്വാസങ്ങൾ ദൂരീകരിയ്ക്കുവാൻ ഉതകുന്ന വസ്തുതകൾ ഒരു അദ്ധ്യായത്തിൽ കാണാം. വിശ്വാസികളെ ചൊടിപ്പിച്ചേയ്ക്കുമെങ്കിലും സത്യാന്വേഷികളെ അവ സന്തോഷിപ്പിയ്ക്കും. സകലതും കണ്ണടച്ചു വിശ്വസിയ്ക്കുന്നവരുടെയിടയിൽ നിന്നു ശാസ്ത്രീയാഭിരുചിയുള്ളവരെ വളർത്തിയെടുക്കുവാൻ സാധിക്കുന്നതല്ല. വിഷം തീരെയില്ലാത്തവ, കുറഞ്ഞ വിഷം വഹിയ്ക്കുന്നവ, കഠിന വിഷമുള്ളവ എന്നിങ്ങനെ പാമ്പുകളെ തരം തിരിച്ച്, അവയ്ക്ക് നാടൻ പേരുകളും ശാസ്ത്രനാമവും കൊടുത്ത്, അവ വസിയ്ക്കുന്ന പ്രദേശങ്ങളും കാണിച്ച്, തയ്യാറാക്കിയിട്ടുള്ള ഒരു പട്ടിക ഉൾപ്പെടുത്തിയിരിയ്ക്കുന്നത് പലർക്കും ഉപകരിയ്ക്കും. പാമ്പുകളെക്കുറിച്ചു പഠിയ്ക്കുവാൻ ആഗ്രഹമുണ്ടാകുന്നവരെ കൂട

തൽ വിവരങ്ങൾ സമ്പാദിയ്ക്കുവാൻ സഹായിയ്ക്കുന്ന ആധികാരികഗ്രന്ഥങ്ങളുടെയും പ്രബന്ധങ്ങളുടെയും പട്ടികയും മറെറാരു വിശേഷം തന്നെ. ശാസ്ത്രഗ്രന്ഥങ്ങൾക്ക് അവശ്യം വേണ്ട വിഷയസൂചിയും ഇതിൽ കാണാം. സരളമായ പ്രതിപാദനരീതി, വർണ്ണചിത്രങ്ങളടക്കം നല്ല പടങ്ങൾ, ആധികാരികങ്ങളായ വിവരങ്ങൾ എന്നിവ മൂലം ഈ പുസ്തകം ശാസ്ത്രഗ്രന്ഥരചനയിൽ ഏർപ്പെടുന്നവർക്ക് ഒരു നല്ല മാതൃകയായിത്തീർന്നിരിയ്ക്കുന്നു. ഗ്രന്ഥകാരനും പ്രസാധകർക്കും വാങ്ങുന്ന ആളിനും അഭിമാനിക്കത്തക്ക ഒരു പുസ്തകമാണിത്.

ഗീതാവിവർത്തനങ്ങൾ

ഭഗവദ്ഗീത (ഗദ്യവിവർത്തനം)— മായങ്കോട്ട് നാരായണമേനോൻ. കെ. ആർ. ബ്രദേഴ്സ്, കോഴിക്കോട്—3.00.

ശ്രീമദ്ഭഗവദ്ഗീത (കിളിപ്പാട്ടു വിവർത്തനം)—ഇടപ്പഴഞ്ഞി കെ. പരമേശ്വരക്കുറുപ്പ്, ജഗതി, തിരുവനന്തപുരം—1.50.

കൃഷ്ണാനന്ദസ്വാമികൾ

ഭഗവൽഗീതയ്ക്കു മലയാളഭാഷയിൽ പലരും പല മാതിരി നിർമ്മിച്ചിട്ടുള്ള വിവർത്തനങ്ങൾ ശേഖരിയ്ക്കുന്ന പക്ഷം അതു തന്നെ ഒരു ഗ്രന്ഥശാല നിറയ്ക്കുവാൻ മതിയാകുന്നതാണ്. എന്നാൽ അവയിൽ തൊണ്ണൂറു ശതമാനവും, വിവർത്തകന്മാർക്കു തന്നെ ദഹിയ്ക്കാത്ത സാങ്കേതികപദങ്ങളും, മൂലവുമായി ഒരു ബന്ധവും ഇല്ലാത്ത അബദ്ധം നിറഞ്ഞ ശൈലികളും നിറഞ്ഞവയാണ്. ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു തുലാഭാരം നടത്തിക്കൊള്ളാമെന്നും, ഒരാൾരൂപം നടയ്ക്കു വെയ്ക്കാമെന്നും മററുമുള്ള നേർച്ചകൾ നിറവേററുന്നതു പോലെ, ചിലർ തങ്ങളുടെ ജീവിതകാലത്ത് ഒരു ഭഗവൽഗീതാവിവർത്തനം നടത്തിക്കൊള്ളാമെന്ന നേർച്ച കഷ്ടപ്പെട്ടു നിറവേററുന്നതാണെന്നു തോന്നും ഈ വക വിവർത്തനങ്ങൾ വായിച്ചാൽ. അത്ഭുതമെന്നു പറയട്ടെ, ഇവയിലധികവും കേരളത്തിലെ പേരുകേട്ട സാഹിത്യകാരന്മാരും പണ്ഡിതന്മാരും അവതരിപ്പിച്ചതുമായിരിയ്ക്കും.

നമ്മുടെ മുമ്പിലുള്ള ഭഗവദ്ഗീതയുടെ ഈ ഗദ്യവിവർത്തനം ഇതിൽനിന്നു തികച്ചും വ്യത്യസ്തമാണ്. ആശയം പ്രൌഢമെങ്കിലും സാധാരണക്കാർക്കും മനസ്സിലാകത്തക്ക ലളിതശൈലി. അർത്ഥഗ്രഹണത്തിന് വിഷമമുള്ള പല മൂലശ്ലോകങ്ങളും ജിജ്ഞാസുക്കൾക്കു സുഗ്രാഹ്യമാംവണ്ണം വിവർത്തനം ചെയ്യുന്ന കാര്യത്തി[ൽ] ശ്രീ മായങ്കോട്ട് നാരായണമേനോ[ൻ] വിജയം വരിച്ചിട്ടുണ്ട്. മദിര[ാശി] ഹൈക്കോടതി ജഡ്ജിയായി[രുന്ന] ശ്രീ എം. എസ്സ്. പഞ്ചാപകേ[ശ...]ടെ മുഖവുര ഈ ഗ്രന്ഥത്തിന് ഒ[...]ണമായി നിലക്കൊള്ളുന്നു. ശി[...]രി മഠാധിപതി സ്വാമിശങ്കരാന[...]യുടെ ഒരഭിപ്രായക്കുറിപ്പും ചേർ[ത്തിട്ടു]ണ്ട്. ഈ വിവർത്തനത്തിന്റെ [...]രോ പ്രതി കേരളത്തിലുള്ള എ[...] വിദ്യാലയങ്ങളിലും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഈ ഗ്രന്ഥത്തിൽ നിന്നു ഹിന്ദുധർമ്മത്തെപ്പററിയുള്ള സാമാന്യജ്ഞാനം നേടുവാൻ സാധിയ്ക്കും.

''അദമ്യമായ ഒരു ആത്മദാഹത്തിന്റെ പ്രേരണ കൊണ്ടാണ് താൻ ഇതു തർജ്ജമ ചെയ്യാൻ ഒരുമ്പെട്ടത് എന്ന് ഗ്രന്ഥകർത്താവ് എന്നോട് പറയുകയും ചെയ്തു'' എന്നിങ്ങനെയാണ് ശ്രീ കെ. പരമേശ്വരക്കുറുപ്പിന്റെ കിളിപ്പാട്ടു വിവർത്തനത്തെപ്പററി അഭിപ്രായം രേഖപ്പെടുത്തിയ വെണ്ണിക്കുളം ഗോപാലക്കുറുപ്പ് നമ്മോട് പറയുന്നത്. ഇത് തികച്ചും സത്യമാണെന്ന് ഈ ഗ്രന്ഥം പരിശോധിച്ചാൽ ബോധ്യപ്പെടും. ഭഗവദ്ഗീതയിലെ മൂലശ്ലോകങ്ങളുമായി പൊരുത്തപ്പെട്ടു പോകുന്ന ഭാഗങ്ങൾ ഈ വിവർത്തനത്തിൽ വളരെ വിരളമാണ്. വിവർത്തകൻ തന്റെ മുഖവുരയുടെ ആദ്യവരികളിൽ, ''പുരാതനഭാരതീയപുരാണങ്ങളുടെ പ്രസിദ്ധവിഭാഗങ്ങളിൽ പെട്ട ഒന്നാണ് ശ്രീമഹാഭാരതം'' എന്ന് പറഞ്ഞതിൽ നിന്ന്, ഭാരതം പുരാണമല്ലെന്നും, അതൊരിതിഹാസമാണെന്നും കൂടി ഗ്രന്ഥകാരൻ ധരിച്ചിട്ടില്ലെന്നുള്ളത് വ്യക്തമാണ്. ഈ വിവർത്തനം ആദ്യന്തം പരിശോധിച്ച്, അതിലുള്ള വൃത്തഭംഗങ്ങളെയും അർത്ഥഭംഗങ്ങളെയും എടുത്തു കാട്ടി ഒരു നിരൂപണം ചെയ്യുവാൻ ഇവിടെ ഇടമില്ല. 'അദമ്യമായ ആത്മദാഹ'ത്താൽ താൻ ഭഗവദ്ഗീതയിൽ കടന്നു കൈകാര്യം ചെയ്തതാണെന്നുള്ള ഗ്രന്ഥകാരന്റെ തുറന്ന സത്യത്തെ നമുക്ക് പൂർണ്ണമായും അംഗീകരിയ്ക്കാം. ദാഹം കൊണ്ട് വീർപ്പു മുട്ടിയ മനുഷ്യർ ചെയ്യുന്ന കാര്യങ്ങളെപ്പററി ന്യായാന്യായവിവേചനം നടത്താൻ ശ്രമിയ്ക്കുന്നതു യുക്തമല്ലല്ലോ.